പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 244</u> <u>11.06.2012 ൽ മറുപടിക്ക്</u>

<u>സദാചാര പോലീസ് അക്രമം</u>

| <u>ചോദ്യം</u> | | <u>മറുപടി</u> | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് സദാചാര പോലീസ് അക്രമവുമായി ബന്ധപ്പെട്ട് എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ; | (എ) | സദാചാര പോലീസ് എന്ന പേരിൽ വിവക്ഷിക്കാവുന്ന അതിക്രമങ്ങളുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 14 സംഭവങ്ങളുണ്ടായിട്ടുണ്ട്.<br>ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; | (ബി) | 14 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ? | (സി) | ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നുണ്ടോയെന്ന് നിരീക്ഷിക്കാൻ പോലീസ് പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. കൂടാതെ ജനമൈത്രി പോലീസ് സംവിധാനം വഴി ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നുണ്ട്. റിപ്പോർട്ട് ചെയ്യപ്പെട്ട സംഭവങ്ങളിന്മേൽ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | ജില്ല | കേസുകളുടെ എണ്ണം. |
|---|---|---|
| 1 | തിരുവനന്തപുരം സിറ്റി | 1 |
| 2 | ആലപ്പുഴ | 1 |
| 3 | കൊച്ചി സിറ്റി | 1 |
| 4 | എറണാകുളം റൂറൽ | 1 |
| 5 | തൃശ്ശൂർ | 1 |
| 6 | കോഴിക്കോട് റൂറൽ | 2 |
| 7 | വയനാട് | 1 |
| 8 | കണ്ണൂർ | 1 |
| 9 | കാസർഗോഡ് | 5 |
| | **ആകെ** | **14** |

സെക്ഷൻ ഓഫീസർ